# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരു സഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു; ഓൺലൈൻ ഗെയിമിംഗ് ബിൽ പാസാക്കി പാർലമെൻറ്

   **Both houses of Parliament have been adjourned sine die today after completing monsoon session; Parliament passes Online Gaming Bill.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ബിഹാറും പശ്ചിമ ബംഗാളും സന്ദർശിക്കും, ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും

   **Prime Minister Narendra Modi to visit Bihar and West Bengal tomorrow, to launch development projects worth Rs 13,000 crore in Gaya, Bihar.**

3. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ, തിരഞ്ഞെടുപ്പ് അടുത്ത മാസം ഒൻപതിന്.

   **Scrutiny of nomination papers for Vice Presidential election tomorrow, elections on 9th of next month.**

4. സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ചരിത്രനേട്ടത്തിൻറെ ഔദ്യോഗിക പ്രഖ്യാപനം നടത്തി മുഖ്യമന്ത്രി പിണറായി വിജയൻ

   **Kerala becomes first Indian state to achieve full digital literacy. Chief Minister Pinarayi Vijayan officially announced the historic achievement.**

5. **പീരുമേട് എം എൽ എ വാഴൂർ സോമൻ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തായിരുന്നു അന്ത്യം.**

**Peerumedu MLA Vazhoor Soman passes away. He died in Thiruvananthapuram following a heart attack.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# PARLIAMENT (INTRO)

വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. സമ്മേളനത്തിൽ 14 ബില്ലുകൾ അവതരിപ്പിക്കുകയും 12 ബില്ലുകൾ പാസാക്കുകയും ചെയ്തു. ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് പ്രത്യേക ചർച്ചയും ഈ സമ്മേളനത്തിൽ നടന്നു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യാക്കാരനായ ശുഭാൻശു ശുക്ലയെ പാർലമെൻറ് ആദരിച്ചു. മർച്ചൻറ് ഷിപ്പിംഗ് ബിൽ, ആൻറി ഡോപ്പിംഗ് ബിൽ, ഇന്ത്യൻ പോർട്ട്സ് ബിൽ, ഓൺലൈൻ ഗെയിമിംഗ് ബിൽ തുടങ്ങിയവയാണ് ഈ സമ്മേളനത്തിൽ പാസാക്കിയ സുപ്രധാന ബില്ലുകൾ. ഈ സമ്മേളനത്തിൽ ആകെ 37 മണിക്കൂർ മാത്രമേ സഭ കൂടിയിട്ടുള്ളൂ എന്ന് ലോക്സഭാ സ്പീക്കർ ഓംബിർല അറിയിച്ചു. ജനങ്ങൾക്ക് ഉപകാരപ്പെടുന്ന ചർച്ചകൾക്കായി കൂടുതൽ സമയം നീക്കി വയ്ക്കാൻ അംഗങ്ങൾക്ക് ഉത്തരവാദിത്തം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഇന്ന് സഭ സമ്മേളിച്ചപ്പോൾ ബീഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചു. തുടർന്ന് സ്പീക്കർ സഭ പിരിച്ചുവിടുകയായിരുന്നു. രാജ്യസഭയിലും സമാന സാഹചര്യമായിരുന്നു. രണ്ട് തവണ നടപടികൾ നിർത്തിവെച്ച ശേഷം ഉച്ചയ്ക്ക് രണ്ടരയോടെ രാജ്യസഭയും പിരിഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PROMOTION AND REGULATION OF ONLINE GAMING ING BILL

ഓൺലൈൻ ഗെയിമിംഗ് പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ബിൽ -2025 പാർലമെൻറ് പാസാക്കി. ലോക്സഭയ്ക്ക് പിന്നാലെ രാജ്യസഭയും ഇന്ന് അംഗീകരിച്ചതോടെയാണ് ബിൽ പാസായത്. യുവാക്കളേയും ദുർബല ജനവിഭാഗങ്ങളെയും അത്തരം ഗെയിമുകളുടെ പ്രതികൂല സാമൂഹിക,

സാമ്പത്തിക, മാനസിക, സ്വകാര്യതയുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളിൽ നിന്ന് സംരക്ഷിക്കുക എന്നതാണ് ബില്ലിൻറെ ലക്ഷ്യമെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഓൺലൈൻ മണി ഗെയിമുകൾ വാഗ്ദാനം ചെയ്യുന്നതും പ്രവർത്തിപ്പിക്കുന്നതും സൗകര്യമൊരുക്കുന്നതും പൂർണ്ണമായി നിരോധിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിലുണ്ട്. നിയമം ലംഘിച്ചാൽ മൂന്ന് വർഷം വരെ തടവും ഒരു കോടി രൂപ വരെ പിഴ ലഭിക്കാനുള്ള വ്യവസ്ഥ യും ബില്ലിൽ ഉണ്ട്.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## ONLINE GAMING (INTRO)

പാർലമെൻറ് അംഗീകരിച്ച ഓൺലൈൻ ഗെയിമുകൾക്കെതിരെയുള്ള ബില്ലിന് പിന്തുണയുമായി സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും. ഓൺലൈൻ ഗെയ്മിംഗിനെതിരെ പാർലമെൻ്റിൽ അവതരിപ്പിച്ച ബില്ലിനെക്കുറിച്ച് കണ്ണൂർ സ്വദേശിനി സീമ ആകാശവാണി വാർത്തകളോട്.....

(ഹോൾഡ് വോയിസ്)

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## PM BIHAR BRIDGE

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ബിഹാറും പശ്ചിമബംഗാളും സന്ദർശിക്കും. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ ദൈർഘ്യത്തിൽ നിർമിച്ച ആൻറ - സിമാരിയ ആറു വരി പാലം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിൽ 5,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## PM-KOLKATA

പശ്ചിമ ബംഗാളിലെ ജനങ്ങൾ ബിജെപിയെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസനമാണ് ബിജെപിയുടെ അജണ്ട എന്ന് ജനങ്ങൾ മനസിലാക്കിയതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

✿✿✿✿✿✿✿✿✿✿✿✿✿✿✿✿

## VICE PRESIDENT

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. I.N.D.I.A സ്ഥാനാർത്ഥിയായി, സുപ്രീംകോടതി മുൻ ജഡ്ജി ബി.സുദർശൻ റെഡ്ഡി ഇന്ന് പത്രിക സമർപ്പിച്ചു. എൻഡിഎ സ്ഥാനാർത്ഥി സി.പി രാധാകൃഷ്ണൻ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു. രാജ്യത്തിൻറെ 17-ാമത് ഉപരാഷ്ട്രപതിയെ തെരഞ്ഞെടു ക്കുന്നതിനുള്ള വോട്ടെടുപ്പും വോട്ടെണ്ണലും അടുത്തമാസം ഒൻപതിന് നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## REV JAISHANKAR RUSSIA

ഏറ്റവും ദൃഢവും സ്ഥിരതയുമുള്ള ബന്ധമാണ് ഇന്ത്യയും റഷ്യയും തമ്മിലുള്ള തെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. യോജിച്ച ഭൗമരാഷ്ട്രീയ താൽപ്പര്യ ങ്ങൾ, നേതൃതല സഹകരണം, പൊതുജന പിന്തുണ എന്നിവയാണ് ഇന്ത്യ-റഷ്യ പങ്കാളിത്തത്തിൻറെ പ്രധാന ചാലകശക്തികളെന്ന് അദ്ദേഹം പറഞ്ഞു. റഷ്യൻ വിദേശകാര്യമന്ത്രി **സെർജി ലാവ്റോവു**മായി മോസ്കോയിൽ നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാപാരത്തിലൂടെയും നിക്ഷേപങ്ങളിലൂ ടെയും ഊർജ്ജ സഹകരണം നിലനിർത്തേണ്ടത് അനിവാര്യമാണെന്നും ജയശങ്കർ ചൂണ്ടിക്കാട്ടി.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## ASHWINI VAISHNAW-SPECIAL TRAIN

ദീപാവലി, ഛഠ് ഉത്സവങ്ങൾക്ക് മുന്നോടിയായി രാജ്യത്ത് 12,000 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഒക്ടോബർ 13 മുതൽ 26 വരെ യാത്ര ചെയ്യുന്നവർക്കും, നവംബർ 17 മുതൽ ഡിസംബർ 1 വരെ മടക്കയാത്ര നടത്തുന്നവർക്കും റിട്ടേൺ ടിക്കറ്റുകളിൽ 20 ശതമാനം കിഴിവ് നൽകുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## ISRO-SPACE SECTOR (INTRO)

കഴിഞ്ഞ 10 വർഷത്തിനിടയിൽ ബഹിരാകാശ മേഖലയിൽ രാജ്യം അഭൂത പൂർവമായ പുരോഗതിക്ക് സാക്ഷ്യം വഹിച്ചതായി ഐഎസ്ആർഒ

ചെയർമാൻ വി. നാരായണൻ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇസ്രോ ഇതിനോടകം മികച്ച നിരവധി ദൗത്യങ്ങൾ പൂർത്തിയാക്കി. ബഹിരാകാശ വ്യവസായത്തിൽ മുന്നേറ്റം കൈവരിച്ചതായും പത്ത് വർഷത്തിനിടെ മുന്നൂറോളം സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശുഭാൻശു ശുക്ല കൈവരിച്ച നേട്ടങ്ങൾ, രാജ്യത്തിൻറെ ഭാവി ബഹിരാകാശദൗത്യങ്ങൾക്ക് ഗുണകരമാകുമെന്ന് ശ്രീ വി നാരായണൻ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## AMITSHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നാളെ കേരളത്തിൽ എത്തും. കൊച്ചിയിൽ നാളെ നടക്കുന്ന ബി ജെ പി സംസ്ഥാന നേതൃയോഗത്തിൽ ശ്രീ അമിത് ഷാ പങ്കെടുക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CM - DIGITAL KERALA

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഡിജി-കേരളം. 21 ലക്ഷത്തി 87,667 പേരാണ് മൂല്യ നിർണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത നേടിയത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## VAZHOOR SOMAN

പീരുമേട് എം എൽ എ വാഴൂർ സോമൻ അന്തരിച്ചു. 72 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. തിരുവനന്തപുരത്ത് നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട അദ്ദേഹത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. 2021-ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ ഇടുക്കി പീരുമേട്ടിൽ

നിന്ന് സിപിഐ - എംഎൽഎ ആയാണ് അദ്ദേഹം നിയമസഭയിലെത്തിയത്. സി പി ഐ സംസ്ഥാന കൗൺസിൽ അംഗമായിരുന്നു വാഴൂർ സോമൻ.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## SAUDI ARABIA MINISTRY

തീർഥാടകർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് ഓൺലൈനിൽ ഉംറ വിസകൾക്ക് അപേക്ഷിക്കാനും അനുബന്ധ സേവനങ്ങൾ ബുക്ക് ചെയ്യാനും സൗകര്യം ഒരുക്കി സൗദി അറേബ്യ. ഹജ്ജ്, ഉംറ മന്ത്രാലയമാണ് നുസുക് ഉംറ സേവനം ആരംഭിച്ചത്. തീർത്ഥാടന പ്രക്രിയ കാര്യക്ഷമമാക്കാനും തീർത്ഥാടന അനുഭവം മെച്ചപ്പെടുത്താനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH - SUBHANSHU

രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻഷു ശുക്ലയുമായി ന്യൂ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ശുഭാൻഷു ശുക്ല കൈവരിച്ച നേട്ടങ്ങളെ ശ്രീ സിംഗ് അഭിനന്ദിച്ചു. ശുഭാൻഷു നടത്തിയ സുപ്രധാന പരീക്ഷണങ്ങൾ, ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതി, തുടങ്ങിയവയെ കുറിച്ചു ചർച്ച ചെയ്തതായി രാജ്യരക്ഷ മന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിന്റെ ഫൈനൽ മത്സരം മറ്റന്നാൾ പശ്ചിമബംഗാളിൽ നടക്കും. കൊൽക്കത്തയിലെ സാൾട്ട്

ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന പോരാട്ടത്തിൽ ഡയമണ്ട് ഹാർബർ എഫ്സി നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## KERALA CRICKET LEAGUE

കേരളത്തിൻ്റെ സ്വന്തം ക്രിക്കറ്റ് മാമാങ്കമായ കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. വൈകുന്നേരം 6.30 ന് നടന്ന ഉദ്ഘാടന ച്ചടങ്ങിൽ കെ.സി.എൽ ബ്രാൻഡ് അംബാസിഡർ മോഹൻലാൽ പങ്കെടുത്തു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയിലേയ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലായിരുന്നു ഉദ്ഘാടന മത്സരം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## SABARIMALA

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് രാത്രി 10 ന് അടയ്ക്കും. പ്രതികൂല കാലാവസ്ഥയിലും വലിയ തിരക്കാണ് ശനിയാഴ്ച നട തുറന്ന മുതൽ സന്നിധാനത്ത് അനുഭവപ്പെടുന്നത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## PAKISTAN-HUMAN RIGHTS

പാക്കിസ്ഥാനിൽ മത ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചതായി പാക് മനുഷ്യാവകാശ കമ്മീഷൻ. കൊലപാതകങ്ങൾ, നിർബന്ധിത മതപരിവർത്തനങ്ങൾ, ആരാധനാലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക അതിക്രമങ്ങൾ എന്നിവ ക്രമാതീതമായി ഉയർന്നെന്ന് കഴിഞ്ഞ വർഷത്തെ കണക്കുകൾ ചൂണ്ടിക്കാട്ടി കമ്മീഷൻ വ്യക്തമാക്കി. നിയമപാലനത്തിലെ പരാജയങ്ങൾ പാകിസ്ഥാനിൽ മതസ്വാതന്ത്ര്യത്തെയും മനുഷ്യാവകാശങ്ങളെയും ദുർബലപ്പെടുത്തുന്നതായും കമ്മീഷൻ ചൂണ്ടിക്കാട്ടി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪
✪✪✪✪✪✪✪✪✪✪✪✪
✪✪✪✪✪✪✪✪
✪✪✪✪✪